Sunday
Vol. 14 No. 25 CYCLE - C

# വെർബും ദോമിനി

VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 മെയ് 11

## പെസഹാക്കാലം നാലാം ഞായർ

# ഇടയനാദം

**ഫാ. ഇമ്മാനുവൽ ആന്റണി**



**ശ**ബ്ദമുഖരിതമായ ലോകത്താണ് നാം ജീവിക്കുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ നാം കേൾക്കുന്ന ശബ്ദങ്ങൾ എത്രമാത്രം നമ്മെ അലോസരപ്പെടുത്തുന്നുണ്ട്. തിരക്കേറിയ ആധുനിക ലോകത്തിൽ കേൾക്കുന്ന ശബ്ദങ്ങളെയെല്ലാം മനസ്സുകൊണ്ട് സ്വീകരിക്കാൻ നമുക്ക് കഴിയുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇഷ്ടമുള്ള ശബ്ദങ്ങൾക്ക് കാതോർക്കുകയും, അസ്വസ്ഥപ്പെടുത്തുന്ന ശബ്ദങ്ങളിൽ നിന്ന് ഓടിയകലുകയും ചെയ്യുന്ന നമുക്ക് ചരാചരങ്ങളുടെ ഒച്ചപ്പാടുകളിൽ നിന്ന് എങ്ങനെ ദൈവീക സ്വരത്തെ തിരിച്ചറിയാനാവും? മാനസികവും, ശാരീരികവുമായ സ്വസ്ഥത നാം കൈവരിക്കുന്നില്ലെങ്കിൽ നമ്മോട് സംവദിക്കുന്ന ദൈവീക നാദത്തെ നമുക്ക് ശ്രവിക്കാനാവില്ല.

ഇടയസ്വരം ശ്രവിക്കുന്ന ആടുകളെക്കുറിച്ചാണ് സുവിശേഷം പ്രതിപാദിക്കുന്നത്. നിരവധി ശബ്ദങ്ങൾക്കിടയിൽ നിന്ന് ഇടയന്റെ സ്വരം സവിശേഷമായി അവർ തിരിച്ചറിയുന്നത് അനവധി തവണ അവരത് കേട്ടിട്ടുള്ളതുകൊണ്ടാവണം. വെറുതെ കേൾക്കുക മാത്രമല്ല, കേട്ട ശബ്ദം തിരിച്ചറിയാനും വിശ്വസിക്കാനും അനുസരിക്കാനും അവർ ശ്രമിച്ചു. അതുകൊണ്ട് അവർ കള്ളന്മാരിൽ നിന്നും കവർച്ചക്കാരിൽ നിന്നും യഥാർത്ഥ ഇടയനെ മാത്രം തിരിച്ചറിയുന്നു. ഇത് നമുക്കും ഒരു പാഠമാണ്. ലോകത്തിന്റെ ബഹളങ്ങൾക്കിടയിൽ നിന്നും നാം എപ്രകാരമാണ് ദൈവസ്വരം തിരിച്ചറിയാൻ പഠിക്കേണ്ടത് എന്ന പാഠം.

ഇടയസ്വരം തിരിച്ചറിയുക എന്നത് ആടുകളുടെ സവിശേഷതയാണെങ്കിൽ, ദൈവത്തിന്റെ ശബ്ദം തിരിച്ചറിയുക എന്നത് വിശ്വാസികളുടെ സവിശേഷതയാവണം. അനുദിന ജീവിതത്തിൽ തിരുവചനത്തിലൂടെ, പ്രാർത്ഥനയിലൂടെ, സമൂഹത്തിലൂടെ ദൈവീക നാദത്തെ നമുക്ക് തിരിച്ചറിയാൻ കഴിയും. തിരുവചന വായനയിൽ നാം മുഴുകുമ്പോൾ ദൈവത്തിന്റെ സ്വഭാവവും, അവിടുന്ന് സംസാരിക്കുന്ന രീതിയും, അവിടുത്തെ ഹിതവും മനസ്സിലാക്കാൻ നമുക്ക് സാധിക്കും. ദൈവവചനത്തിൽ നാം കൂടുതൽ പരിചിതരാകുമ്പോൾ അവിടുത്തെ ശബ്ദം നമ്മുടെ ഹൃദയത്തോട് സംസാരിക്കുന്നത് കൂടുതൽ എളുപ്പത്തിൽ നാം തിരിച്ചറിയുന്നു. പ്രാർത്ഥനയിലൂടെ ദൈവത്തോട് സംസാരിക്കാൻ മാത്രമല്ല, അവിടുത്തെ കേൾക്കാൻ കൂടിയാണ് വിശ്വാസി പഠിക്കുന്നത്. വെറും അധരവ്യായാമം മാത്രമായി നമ്മുടെ പ്രാർത്ഥനകൾ ചുരുങ്ങുമ്പോൾ ആവശ്യങ്ങൾ ഉന്നയിക്കാനുള്ള ഒരു ഉപാധി എന്നല്ലാതെ ദൈവത്തെ ശ്രവിക്കാനുള്ള അവസരങ്ങളായി നമ്മുടെ പ്രാർത്ഥനകൾ മാറുന്നില്ല. ദൈനംദിന ജീവിതത്തിലെ ശബ്ദകോലാഹലങ്ങളിൽ മുങ്ങിപ്പോകാതെ ദൈവത്തിന്റെ മൃദുമന്ത്രണം ശ്രവിക്കണമെങ്കിൽ സങ്കീർത്തകൻ ഓർമ്മിപ്പിക്കും പോലെ നിശബ്ദതയും, ധ്യാനാത്മകതയും ജീവിതത്തിൽ നാം പരിശീലിക്കണം. ഇടയൻ ഒരു ആട്ടിൻപറ്റത്തോടാണ് സംസാരിക്കുന്നത്. കൂട്ടത്തിനിടയിൽ നിൽക്കുന്ന ഓരോ കുഞ്ഞാടും ഇടയന്റെ സ്വരം വ്യക്തിപരമായി തിരിച്ചറിയുന്നുണ്ട്. സമൂഹത്തിൽ വസിക്കുന്ന നമുക്കും കൂടെയുള്ളവരിലൂടെ ദൈവം സംസാരിക്കുന്നത് വ്യക്തിപരമായി ശ്രവിക്കാനാകും. നൽകപ്പെടുന്ന ഉപദേശങ്ങൾ തുറവിയോടെ സ്വീകരിക്കാൻ സന്നദ്ധരായാൽ ഒപ്പമുള്ളവരിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നത് ശ്രവിക്കാൻ കഴിയും. ഇടയന്റെ ശബ്ദം ജീവനിലേക്കും, സമാധാനത്തിലേക്കും നമ്മെ നയിക്കും.

തിരക്കേറിയ ലോകത്തിൽ കേൾക്കേണ്ട ശബ്ദങ്ങൾ നാം കേൾക്കാതെ പോവരുത്. ചുറ്റുമുള്ള ശബ്ദങ്ങളിലൂടെ ദൈവശബ്ദത്തെ കേൾക്കാൻ നമുക്കാവണം. വിശക്കുന്നവന്റെ, വേദനിക്കുന്നവന്റെ ശബ്ദം. ഇവരിലൂടെ ദൈവശബ്ദത്തിന് നമുക്ക് കാതോർക്കാം. കേൾക്കാനുള്ളൊരു മനസ്സ്, നിശ്ശബ്ദമായൊരു മനസ്സ്, അതുണ്ടെങ്കിൽ മാത്രമേ ദൈവനാദത്തിന് നമുക്ക് കാതോർക്കാനാവൂ. അങ്ങിനെയുള്ളൊരു മനസ്സ് ദൈവാനുഗ്രഹം തന്നെയാണ്. നിശ്ശബ്ദതയിൽ ദൈവം വാചാലനാവുന്നു. ദൈവശബ്ദം ശ്രവിക്കാനായി നിശ്ശബ്ദമായൊരു ഹൃദയമൊരുക്കി നമുക്ക് കാത്തിരിക്കാം.

യഥാർത്ഥ ഇടയനെ അറിയുകയും അവന്റെ പിന്നാലെ പോകുകയും ചെയ്യുന്നവർക്ക്, അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു: "ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയുമില്ല" (യോഹ 10/28). നമ്മുടെ ജീവിതത്തിൽ ഈ തിരുവചനം പ്രായോഗികമാക്കുമ്പോൾ, നാം ഇടയന്റെ സ്വരം കൂടുതൽ വ്യക്തമായി കേൾക്കും, നമ്മുടെ മേലുള്ള അവന്റെ സ്നേഹത്തിന്റെ ആഴം കൂടുതൽ മനസ്സിലാക്കും, അവന്റെ പിന്നാലെ പോകുന്നതിൽ കൂടുതൽ ആത്മവിശ്വാസം ആർജ്ജിക്കും. നമുക്ക് നല്ല ഇടയന്റെ ആടുകളായി ജീവിക്കാം, അവന്റെ സ്വരം തിരിച്ചറിഞ്ഞ്, അവനാൽ അറിയപ്പെട്ട്, അവനെ വിശ്വസ്തതയോടെ അനുഗമിക്കാം.

## ആമുഖം

പ്രിയമുള്ളവരെ, ഇന്നത്തെ സുവിശേഷത്തിൽ യേശുനാഥൻ പറയുന്നു: "എൻെറ ആടുകൾ എൻെറ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു." അന്നത്തെ ജനങ്ങളുടെ ജീവിത പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് യേശുനാഥൻ ഇപ്രകാരം പറയുന്നത്. ഇടയന്റെ സ്വരം അറിയുന്ന ആടുകൾ അവനെ ശ്രവിക്കുകയും, അനുഗമിക്കുകയും ചെയ്യുന്നതുപോലെ പിതാവായ ദൈവത്തിന്റെ സ്വരം തിരിച്ചറിഞ്ഞ് അവനെ ശ്രവിക്കുവാനും, അനുഗമിക്കാനും വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. എന്നാൽ ഇന്ന് നമുക്ക് അതിന് സാധിക്കുന്നുണ്ടോയെന്ന് ആത്മശോധന ചെയ്യാം. ആർക്കും ആരെയും ശ്രവിക്കുവാനോ, മനസ്സിലാക്കുവാനോ, കൂടെയായിരിക്കുവാനോ സമയമില്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുക. ഇടയനും ആടുകളും തമ്മിലുള്ള ബന്ധം പോലെ ആഴമേറിയ ഒരു ബന്ധമാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. അതിനാൽ തന്നെ ദൈവവചനം ശ്രവിക്കുന്നവർ മാത്രമാകാതെ, അവനെ അറിയുകയും, അനുഗമിക്കുകയും ചെയ്യുന്നവരാകാം. ദൈവവുമായി അത്തരം ഒരു ആത്മബന്ധം നാം സ്ഥാപിക്കുമ്പോൾ നമ്മെ നോക്കി അവിടുന്ന് പറയും എനിക്ക് അവനെ/ അവളെ അറിയാമെന്ന്. അതിനുവേണ്ട അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (13 : 14, 43-52)

*(ഇതാ, ഞങ്ങൾ വിജാതീയരുടെ അടുക്കലേക്ക് തിരിയുന്നു)*

അക്കാലത്ത്, പൗലോസും, ബാർണബാസും പെർഗാ കടന്ന് പിസീദിയായിലെ അന്ത്യോകായിൽ വന്നെത്തി. സാബത്തുദിവസം അവർ സിനഗോഗിൽ പ്രവേശിച്ച് അവിടെ ഉപവിഷ്ടരായി. സിനഗോഗിലെ സമ്മേളനം പിരിഞ്ഞപ്പോൾ പല യഹൂദരും യഹൂദമതത്തിൽ പുതുതായി ചേർന്ന ദൈവഭക്തരായ പലരും പൗലോസിനെയും ബാർണബാസിനെയും അനുഗമിച്ചു. അവരാകട്ടെ, അവരോടു സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു.

അടുത്ത സാബത്തിൽ ദൈവവചനം ശ്രവിക്കാൻ നഗരവാസികൾ എല്ലാവരുംതന്നെ സമ്മേളിച്ചു. ജനക്കൂട്ടത്തെ കണ്ടപ്പോൾ യഹൂദർ അസൂയപൂണ്ട് പൗലോസ് പറഞ്ഞ കാര്യങ്ങളെ എതിർക്കുകയും അവനെ ദുഷിക്കുകയും ചെയ്തു. പൗലോസും ബാർണബാസും ധൈര്യപൂർവം ഇങ്ങനെ പറഞ്ഞു: ദൈവവചനം ആദ്യം നിങ്ങളോടു പ്രസംഗിക്കുക ആവശ്യമായിരുന്നു. എന്നാൽ, നിങ്ങൾ അതു തള്ളിക്കളയുന്നതുകൊണ്ടും നിത്യജീവനു നിങ്ങളെത്തന്നെ അയോഗ്യരാക്കിത്തീർത്തിരിക്കുന്നതുകൊണ്ടും ഇതാ, ഞങ്ങൾ വിജാതീയരുടെ അടുക്കലേക്കു തിരിയുന്നു. കാരണം, കർത്താവു ഞങ്ങളോട് ഇങ്ങനെ കൽപിച്ചിരിക്കുന്നു: ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ വ്യാപിപ്പിക്കുന്നതിന് വിജാതീയർക്ക് ഒരു ദീപമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു. ഈ വാക്കുകൾ കേട്ടപ്പോൾ വിജാതീയർ സന്തോഷഭരിതരായി കർത്താവിൻെറ വചനത്തെ പ്രകീർത്തിച്ചു. നിത്യജീവനു നിയോഗം ലഭിച്ചവരെല്ലാം വിശ്വസിക്കുകയും ചെയ്തു. കർത്താവിൻെറ വചനം ആ നാട്ടിലെല്ലാം വ്യാപിച്ചു. എന്നാൽ, യഹൂദൻമാർ ബഹുമാന്യരായ ഭക്തസ്ത്രീകളെയും നഗരത്തിലെ പ്രമാണികളെയും പ്രേരിപ്പിച്ച് പൗലോസിനും ബാർണബാസിനുമെതിരായി പീഡനം ഇളക്കിവിടുകയും അവരെ ആ നാട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തു. അവർ തങ്ങളുടെ പാദങ്ങളിലെ പൊടി അവർക്കെതിരായി തട്ടിക്കളഞ്ഞിട്ട് ഇക്കോണിയത്തിലേക്കു പോയി. ശിഷ്യന്മാർ ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞവരായി.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (100 : 2+3, 5)

### നാം അവിടുത്തെ ജനവും അവിടുന്നു മേയ്ക്കുന്ന അജഗണവുമാകുന്നു.

സന്തോഷത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ; ഗാനാലാപത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ.

**നാം അവിടുത്തെ .....**

കർത്താവു ദൈവമാണെന്ന് അറിയുവിൻ; അവിടുന്നാണു നമ്മെ സൃഷ്ടിച്ചത്; നമ്മൾ അവിടുത്തേതാണ്; നാം അവിടുത്തെ ജനവും അവിടുന്നു മേയ്ക്കുന്ന അജഗണവുമാകുന്നു.

**നാം അവിടുത്തെ .....**

കർത്താവു നല്ലവനാണ്, അവിടുത്തെ കാരുണ്യം ശാശ്വതമാണ്; അവിടുത്തെ വിശ്വസ്തത തലമുറകളോളം നിലനിൽക്കും.

**നാം അവിടുത്തെ .....**

## രണ്ടാം വായന

### വെളിപാടിന്റെ പുസ്തകത്തിൽനിന്ന് (7 : 9, 14b-17)

*(കുഞ്ഞാട് അവരെ മേയിക്കയും ജീവജലത്തിന്റെ ഉറവകളിലേക്ക് നയിക്കുകയും ചെയ്യും)*

യോഹന്നാനായ ഞാൻ നോക്കിയപ്പോൾ ഇതാ, എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കും സാധിക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല ജനതകളിലും ഗോത്രങ്ങളിലും രാജ്യങ്ങളിലും ഭാഷകളിലും നിന്നുള്ളവർ. അവർ

വെള്ളയങ്കിയണിഞ്ഞു കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനു മുമ്പിലും കുഞ്ഞാടിന്റെ മുമ്പിലും നിന്നിരുന്നു. ശ്രേഷ്ഠൻമാരിലൊരുവൻ എന്നോടു പറഞ്ഞു: ഇവരാണു വലിയ ഞെരുക്കത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ. അതുകൊണ്ട് ഇവർ ദൈവത്തിന്റെ സിംഹാസനത്തിനുമുമ്പിൽ നിൽക്കുകയും, അവിടുത്തെ ആലയത്തിൽ രാപകൽ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നൽകും. ഇനിയൊരിക്കലും അവർക്കു വിശക്കുകയോ ദാഹിക്കുകയോ ഇല്ല. വെയിലോ ചൂടോ അവരുടെമേൽ പതിക്കുകയില്ല. എന്തെന്നാൽ, സിംഹാസനമധ്യത്തിലിരിക്കുന്ന കുഞ്ഞാട് അവരെ മേയിക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്കു നയിക്കുകയും ചെയ്യും. ദൈവം അവരുടെ കണ്ണുകളിൽനിന്നു കണ്ണീർ തുടച്ചു നീക്കും.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Jn. 10 : 14) ഞാൻ നല്ല ഇടയനാണ്, എന്നു കർത്താവ് അരുൾചെയ്യുന്നു. ഞാൻ എന്റെ ആടുകളേയും അവ എന്നെയും അറിയുന്നു - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (10 : 27-30)

*(ഞാൻ എന്റെ ആടുകൾക്ക് നിത്യജീവൻ നൽകുന്നു)*

അക്കാലത്ത്, ഈശോ അരുൾച്ചെയ്തു : എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും പിടിച്ചെടുക്കുകയുമില്ല. അവയെ എനിക്കു നൽകിയ എന്റെ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്. പിതാവിന്റെ കൈയിൽ നിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല. ഞാനും പിതാവും ഒന്നാണ്.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യാൻ ആഗതനായ നല്ലിടയന്റെ സ്വരത്തിന് കാതോർത്തുകൊണ്ടും, അവിടുന്ന് നൽകുന്ന സംരക്ഷണത്തിന് നന്ദിയർപ്പിച്ചുകൊണ്ടും നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും സ്നേഹപിതാവിന്റെ മുമ്പിൽ സമർപ്പിക്കാം.

1. സർവ്വം സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവമേ, അങ്ങേ ജനത്തെ നയിക്കാൻ അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെയും, മറ്റെല്ലാ തിരുസഭാ ശ്രേഷ്ഠരെയും അങ്ങേ കരതാരിൽ സമർപ്പിക്കുന്നു. നല്ലിടയനായ യേശുവിനെപ്പോലെ തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന അജഗണത്തെ നിത്യജീവന്റെ ഉറവയിലേയ്ക്ക് നയിക്കുവാൻ വേണ്ട കൃപാവരങ്ങൾ നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. നല്ല ദൈവമേ, ഗാർഹീക സഭയായ കുടുംബങ്ങളെ അങ്ങേ കരതാരിൽ സമർപ്പിക്കുന്നു. നല്ലിടയനായ യേശുവിന്റെ സ്വരം അനുനിമിഷം ശ്രവിക്കുവാനും, സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷാമനോഭാവത്തിലും ജീവിച്ചുകൊണ്ട് യേശുവിന് ഏറ്റവും പ്രിയപ്പെട്ടവരായി തീരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹ പിതാവായ ദൈവമേ, ഈ ബലിയിൽ പങ്കുചേരുന്ന ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു. വചനം ശ്രവിക്കുവാനും, വചനം ജീവിക്കുവാനും വേണ്ട കൃപ ഞങ്ങൾക്ക് നൽകണമെ. അങ്ങനെ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെട്ടുകൊണ്ട് സ്നേഹത്തിൽ സ്ഥിരതയുള്ളവരാകുവാനും, സമാധാനത്തിന്റെ വക്താക്കളാകുവാനും വേണ്ട കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സൗഖ്യദായകനായ ദൈവമേ, വിവിധ രോഗങ്ങളാൽ ക്ലേശിക്കുന്ന എല്ലാ മക്കളെയും അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു. അങ്ങയുടെ കരുതലും, സംരക്ഷണവും എന്നും അവരുടെമേൽ ഉണ്ടാകണമെ. അവരുടെ വേദനകളിൽ ആശ്വാസവുമായി കടന്നു ചെന്ന്, അങ്ങേ സൗഖ്യദായക സ്പർശത്താൽ അവരെ സുഖപ്പെടുത്താൻ തിരുമനസ്സാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവദാതാവായ ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ് അങ്ങേ സന്നിധിയിൽ എത്തിച്ചേർന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ കുറ്റങ്ങളും, കുറവുകളും പരിഗണിക്കാതെ അങ്ങേ കാരുണ്യാതിരേകത്താൽ അവർക്ക് നിത്യസൗഭാഗ്യം പ്രദാനം ചെയ്യണമെന്നും, അങ്ങേ തിരുക്കുമാരന്റെ തിരുരക്തത്താൽ അവരുടെ പാപക്കറകളെയെല്ലാം കഴുകി അവരെ വീണ്ടെടുക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, അങ്ങേ സ്നേഹം തിരിച്ചറിയുവാനും, അങ്ങേ കരുണയിലായിരുന്നുകൊണ്ട് വിശ്വാസജീവിതത്തിൽ കൂടുതൽ ആഴപ്പെടാനും ഞങ്ങളെ ശക്തരാക്കണമെ. അങ്ങിൽ നിന്നും കൂട്ടം തെറ്റി അകലാൻ ഒരിക്കലും ഞങ്ങളെ അനുവദിക്കരുതെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : **സി. മേരി റാഫേൽ A. S. A.**

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

സ്നേഹരാജൻ യേശുനാഥൻ
ജീവൻ പകരും ഈ വേദിയിൽ
ലോകനാഥൻ ലോക പാപം
നിത്യം പോക്കും ഈ ബലിയിൽ
അണയാം.... അനുതാപ ഹൃദയുമായ്
തെളിയാം.... അണയാത്ത സ്നേഹമായ്
(സ്നേഹ.......)

കാൽവരി ഗിരി മുകളിൽ
ബലിയായ് തീരുന്ന സ്നേഹം
വീണ്ടും പുനരർപ്പിക്കുമി ബലിയിൽ
ഒരുമയോടണയാം
കൈത്തിരിയായ് എരിയാം (2)

മാനസങ്ങൾ ദീപ്തമാകും
ആത്മസൗഖ്യം സാധ്യമാകും (2)
നിതാന്ത സൗന്ദര്യ സാഗരം
നുകർന്നീടുവാൻ നേരമായ് (2)

## കാഴ്ചവയ്പ് ഗാനം

ദൈവസ്നേഹമൊഴുകുന്നൊരൾത്താരയല്ലാതെ
ആശ്രയം ഞങ്ങൾക്കൊന്നുമില്ല
നിൻ ദാനമാകും ജീവിതമല്ലാതെ
കാഴ്ച്ചയായേകുവാനൊന്നുമില്ല
ഈ ബലിവേദിയിൽ അപ്പവും വീഞ്ഞും
തിരുമാംസരക്തമായ് മാറുമ്പോൾ
എന്നെയും ഓർക്കേണമേ നാഥാ
അങ്ങിൽ ചേർക്കേണമേ

എന്റെ ദൈവമേ എന്റെ സ്നേഹമേ
എന്നെ പൂർണ്ണമായ് സമർപ്പിച്ചിടുന്നു (2)

വൈദീക ശ്രേഷ്ഠന്റെ പ്രാർത്ഥനയാലെ
പരിശുദ്ധമാക്കണേ ഈ ബലിവസ്തുക്കൾ (2)
ഈ കാസയിൽ എൻ മാനസം
പീലാസയിൽ എൻ സ്വപ്നവും
തിരുമുമ്പിൽ നിൽക്കുവാൻ യോഗ്യനല്ലെങ്കിലും
ആ പിതൃവാത്സല്യം തേടുന്നു ഞാൻ
മകനായ് എന്നെയും കൈക്കൊള്ളണേ
(എന്റെ ദൈവമേ...........)

## ദിവ്യകാരുണ്യ ഗാനം

പിതാവേ അനന്ത നന്മയാകും പരമോന്നതാ
ഹൃദയം തുറന്നു സ്നേഹമേകും കരുണാമയാ (2)
കൃപയോലും ഏക നാമം പരിപൂജ്യമായിടേണം
തിരുവിഷ്ടം എന്നുമിവിടെ പ്രിയമാകണം നിറവേറണം
(പിതാവേ.......)

ഗുരുനാഥനായി നീ കൂടെ ഉണ്ടാവുകിൽ
ചെയ്യുന്നതാകെയും ഫലമായിടും (2)
ഭരമേറ്റ കാര്യമേതും ആശ്വാസദായകൻ
മിഴിവോടെ പൂർത്തിയാക്കുവാനും കഴിവേകിടും
(പിതാവേ.......)

അനുസ്യൂതമാരിലും നീ വന്നു വാഴുകിൽ
ബലഹീന ജീവിതം ജയമാർന്നിടും (2)
ഭയമേതും ഏശിടാതെ ഏതേതു ക്ലേശവും
അവനായി ഏറ്റു വാങ്ങിടാനും മനസ്സാകണം
(പിതാവേ.......)

| May | വിശുദ്ധർ | വായനകൾ |
|---|---|---|
| 12 Mon | Sts. Nereus & Achilleus | Act 11: 1-18/ Ps 42: 2-3; 43: 3-4/ Jn 10: 1-10 |
| 13 Tue | Our Lady of Fatima | Act 11: 19-26/ Ps 87: 1b-3. 4-5. 6-7/ Jn 10: 22-30 |
| 14 Wed | St. Matthias | Act 1: 15-17. 20-26/ Ps 113: 1-2. 3-4. 5-6. 7-8/ Jn 15: 9-17 |
| 15 Thu | St. Dymphna | Act 13: 13-25/ Ps 89: 2-3. 21-22. 25 and 27/ Jn 13: 16-20 |
| 16 Fri | St. Simon Stock | Act 13: 26-33/ Ps 2: 6-7. 8-9. 10-11/ Jn 14: 1-6 |
| 17 Sat | St. Paschal Baylon | Act 13: 44-52/ Ps 98: 1. 2-3ab. 3cd-4/ Jn 14: 7-14 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ
Radio Maria Association
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.